തൊടുപുഴ 66 കെ. വി. സബ് സ്റ്റേഷനിൽ പാനൽ മാറ്റിവച്ചതിന്—35 ലക്ഷം രൂപ.

ഉടുമ്പന്നൂർ 110 കെ. വി. സബ് സ്റ്റേഷൻ ആൻറ് ലൈൻ—500 ലക്ഷം രൂപ.

നെടുങ്കണ്ടം 66 കെ.വി. സബ് സ്റ്റേഷൻ ആൻറ് ലൈൻ—270 ലക്ഷം രൂപ.

ഉപ്പുതറ 33 കെ. വി. സബ് സ്റ്റേഷൻ ആൻറ് ലൈൻ—50 ലക്ഷം രൂപ.

(ഡി) അനുബന്ധം ആയി ചേർത്തിരിക്കുന്നു.†

വികലാംഗരെ സ്ഥിരപ്പെടുത്താൻ ഉത്തരവ്

20 [2009] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. ഒ. (പി) നമ്പർ 33/2005/എസ്. ഡബ്ളിയു. ഡി. പ്രകാരം 14-8-1998 മുതൽ 14-8-1999 വരെയുള്ള കാലയളവിൽ 179 ദിവസം എംപ്ലോയ്മെൻറ് വഴി സേവനം ചെയ്ത വികലാംഗരെ സ്ഥിരപ്പെടുത്തുവാനുള്ള ഉത്തരവിൽ വൈദ്യുതി ബോർഡിനെ ഒഴിവാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വൈദ്യുതി ബോർഡിനുകൂടി ഈ ഉത്തരവ് ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സേവനകാലം 179 ദിവസം തികയുന്ന ദിവസം അവധിയായാൽ 178-ാം ദിവസം പിരിച്ചുവിടുമ്പോൾ ഉണ്ടാകുന്ന ഒരു ദിവസത്തെ നഷ്ടം പരിഹരിക്കുവാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ, ബി & സി) 5-3-2005-ലെ ജി. ഒ. (പി) 33/2005/സാ.ക്ഷേ.വ. ഉത്തരവ് പ്രകാരം 15-8-1998 മുതൽ 15-8-1999 വരെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന നിയമനം നേടി 179 ദിവസം സേവനം പൂർത്തിയാക്കിയ വികലാംഗരായ ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്താൻ ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടുന്നില്ല. പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നേടിയ താൽക്കാലികരായ വികലാംഗരെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ചും ഒരു ദിവസത്തെ നഷ്ടം പരിഹരിക്കുന്നത് സംബന്ധിച്ചും ഒരു പൊതുതീരുമാനം ആവശ്യമാണ്.

മിനിമം ഗ്യാരൻറി പ്രകാരം വൈദ്യുതി കണക്ഷൻ

21 [2010] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ തിരുവോട് മിനിമം ഗ്യാരൻറി പ്രകാരം വൈദ്യുതി കണക്ഷൻ നൽകിയത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ,

(ബി) മിനിമം ഗ്യാരണ്ടി പ്രകാരം ഉപഭോക്താക്കൾ വൈദ്യുതി ചാർജ് അടയ്ക്കാൻ ബാക്കിയുണ്ടോ എന്നറിയിക്കാമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly